**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അഡീഷണൽ ഡയറക്ടർ, ശ്രീമതി നീന.കെ.മേനോൻ - ന്റെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തിയായതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.13/2024/AGRI തീയതി,തിരുവനന്തപുരം, 04-01-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം 35/2023/കൃഷി, തീയതി 12/01/2023
2. സ.ഉ(സാധാ) നം 604/2023/കൃഷി, തീയതി 21/06/2023
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 29/12/2023 ലെ ADFW/12282/2023-SB1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് നിയമിതയായ ശ്രീമതി നീന.കെ.മേനോൻ 01/02/2023 പൂർവ്വാഹ്നം ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും പരാമർശം (2) ഉത്തരവ് പ്രകാരം കൃഷി അഡീഷണൽ ഡയറക്ടറായി താത്കാലിക സ്ഥാനക്കയറ്റം ലഭിച്ച ടിയാൾ 30/06/2023 പൂർവ്വാഹ്നം മുതൽ അഡീഷണൽ ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതായും പ്രൊബേഷൻ കാലയളവിൽ ടിയാൾ അവധികളൊന്നും വിനിയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട് എന്നും അതിനാൽ ശ്രീമതി നീന.കെ.മേനോൻ - ന്റെ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിലെയും കൃഷി അഡീഷണൽ തസ്തികയിലെയും സേവനം കണക്കിലെടുത്ത് ടിയാളുടെ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 01/08/2023 പൂർവ്വാഹ്നം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (3) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) കത്തിലെ ശിപാർശ പരിഗണിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് 01/02/2023 പൂർവ്വാഹ്നം പ്രസ്തുത തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി നീന.കെ.മേനോൻ -(റിട്ട ) ന്റെ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 01/08/2023 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി നീന.കെ.മേനോൻ, കൃഷി ജോയിന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/233/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ